"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.റസ്മിൻ എം ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1184/2026/LSGD തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:-

1. ഊരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2023 ലെ എ2-1954/2023 നമ്പർ നടപടിക്രമം.
2. ഊരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.07.2024 ലെ 400871/HRLR12/GPO/2024/2567/(1) നമ്പർ നടപടിക്രമം.
3. ശ്രീമതി.റസ്മിൻ എം-ന്റെ 25.07.2024ലെ അവധി അപേക്ഷ.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2023, 28.08.2025 എന്നീ തീയതികളിലെ LSGD/PD/50198/2023-DEF3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.റസ്മിൻ എം ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലെ മഞ്ചേരി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ B. Ed കോഴ്സ് പൂർത്തിയാക്കുന്നതിനായി 23.03.2023 മുതൽ 31.07.2024 വരെ കെ.എസ്.ആർ ഭാഗം ഒന്ന്, അനുബന്ധം XII B പ്രകാരം ശൂന്യവേതന അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2 ശ്രീമതി.റസ്മിൻ എം 22.03.2023ൽ ആണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നത്. ടിയാൾക്ക് 23.03.2023മുതൽ 20.06.2023വരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധി പരാമർശം (2) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് 21.06.2023 ൽ സേവനത്തിൽ പുനഃപ്രവേശിക്കുകയും 02.07.2023 മുതൽ 21.09.2024 വരെ ശൂന്യവേതനാവധി അപേക്ഷിച്ചിട്ട് അവധി അനുവദിച്ച് ലഭിക്കാതെ തന്നെ അവധിയിൽ പ്രവേശിക്കുകയും 01.08.2024 ൽ ടിയാൾ സേവനത്തിൽ പുനഃപ്രവേശിക്കുകയുമുണ്ടായി. 22.09.2022 മുതൽ 21.09.2024 വരെ എന്ന് രേഖപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഒരു കോഴ്സിന്റെ പൂർണ്ണമായ കാലയളവിലേക്കാണ് കെ.എസ്.ആർ ഭാഗം ഒന്ന്, അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതന അവധി

അനുവദിക്കുന്നത് എന്നതിനാൽ മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.റസ്മിൻ എം-ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലെ മഞ്ചേരി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ B. Ed കോഴ്സ് പൂർത്തിയാക്കുന്നതിനായി 23.03.2023 മുതൽ 31.07.2024 വരെ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, മലപ്പുറം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
സെക്രട്ടറി, ഊരകം ഗ്രാമപഞ്ചായത്ത്, മലപ്പുറം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.റസ്മിൻ എം, ഓഫീസ് അറ്റൻഡന്റ്,ഊരകം ഗ്രാമപഞ്ചായത്ത്, മലപ്പുറം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ് (05.03.2026ലെ ഡെവ-1/4/2024/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(250/ഇപിഎ2/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar G O
സെക്ഷൻ ഓഫീസർ
Date: 27-06-2026 10:54:05